13-ാം കേരള നിയമസഭ
16-ാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3174
24.02.2016-ലെ മറുപടിയ്ക്ക്

## സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം

**ചോദ്യം :**
ശ്രീ.പി.ഉബൈദുള്ള

**മറുപടി :**
ശ്രീ.ഉമ്മൻചാണ്ടി
ബഹു. മുഖ്യമന്ത്രി

| ചോദ്യം | മറുപടി |
|---|---|
| (എ) സർക്കാർ വാഹനങ്ങൾ ഉദ്യോഗസ്ഥർ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിന് ധനകാര്യ പരിശോധനാ വിഭാഗം പരിശോധന നടത്താറുണ്ടോ; | പരിശോധന നടത്താറുണ്ട്. |
| (ബി) എങ്കിൽ 2015 ജനുവരി മുതൽ നടത്തിയ പരിശോധനകളിൽ വാഹന ദുരുപയോഗം നടത്തിയവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടികൾ, ഈടാക്കിയ പിഴ, മറ്റ് നടപടികൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; | 2015 ജനുവരി മുതൽ നടത്തിയ പരിശോധനകളിൽ വാഹന ദുരുപയോഗം നടത്തിയവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടികൾ, ഈടാക്കിയ പിഴ, മറ്റ് നടപടികൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധത്തിൽ** കാണാവുന്നതാണ്. |
| (സി) സർക്കാർ വാഹന ദുരുപയോഗത്തിന് നിലവിൽ നിശ്ചയിച്ചിരിക്കുന്ന പിഴ എത്രയാണ്; പ്രസ്തുത പിഴ വർദ്ധിപ്പിച്ച് വാഹന ദുരുപയോഗം തടയുന്നതിന് നടപടി സ്വീകരിക്കുമോ; | 24.02.2003-ലെ സ.ഉ. (എം.എസ്) നം. 113/03/ധന. അനുസരിച്ച് വാഹന ദുരുപയോഗം കണ്ടെത്തിയാൽ പ്രസ്തുത വാഹനം കഴിഞ്ഞ ഒരു കലണ്ടർ വർഷത്തിൽ ഏറ്റവും കൂടുതൽ ദൂരം യാത്ര ചെയ്ത മാസത്തെ ഇന്ധനചെലവ് കണക്കാക്കുകയും ആയതിന്റെ പകുതി തുക പിഴ ഇനത്തിൽ ഈടാക്കുന്നതുമാണ്.<br><br>പിഴ തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച തീരുമാനമെടുത്തിട്ടില്ല. എന്നാൽ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നത് സംബന്ധിച്ച് സമഗ്രമായ ഒരു ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു.. |
| (ഡി) വാഹന ദുരുപയോഗം ആവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുമോ? | വാഹന ദുരുപയോഗം ആവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | 2015 ജനുവരി മുതൽ നടത്തിയ പരിശോധനകളിൽ വാഹന ദുരുപയോഗം നടത്തിയവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടികൾ, ഈടാക്കിയ പിഴ, മറ്റ് നടപടികൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ |
|---|---|
| | ***2015 ജനുവരി മുതൽ നടത്തിയ പരിശോധനകളിൽ 6 ജില്ലകളിൽ വാഹന ദുരുപയോഗം നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.*** |
| 1 | **തിരുവനന്തപുരം**<br>നെടുമങ്ങാട് അഡീഷണൽ തഹസിൽദാർ ശ്രീമനോമോഹൻ, KL-01-AQ-4445 ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്തതിന് ടിയാനിൽ നിന്നും 5,580/- രൂപ പിഴയായി ഈടാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 2 | **കോട്ടയം**<br>കോട്ടയം ജില്ലാ കുടുംബശ്രീ മിഷന്റെ നിയന്ത്രണത്തിലുള്ള KL-01-BL-9569, ഓയിൽ പാം ഇന്ത്യാ ലിമിറ്റഡിന്റെ നിയന്ത്രണത്തിലുള്ള KL-05-AG-4397 എന്നീ സർക്കാർ വാഹനങ്ങൾ ദുരുപയോഗം ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. ഈ വാഹനങ്ങൾ ദുരുപയോഗം ചെയ്ത ഉദ്യോഗസ്ഥർക്ക് യഥാക്രമം 6,898/-, 7,302/- തുക പിഴ ഒടുക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 3 | **എറണാകുളം**<br>മട്ടാഞ്ചേരി കൊമേഴ്സ്യൽ ടാക്സസ് ഡെപ്യൂട്ടി കമ്മീഷണറുടെ വാഹനത്തിന്റെ ലോഗ്ബുക്ക് കൃത്യമായി പരിപാലിക്കാത്തതിന് 4,802/- രൂപ പിഴ ചുമത്തുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. |
| 4 | **തൃശ്ശൂർ**<br>ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്തതിന് ജില്ലാ മാനസികാരോഗ്യ പ്രോഗ്രാം നോഡൽ ഓഫീസറിൽ (തൃശ്ശൂർ) നിന്നും 3,950/- രൂപയും തിരുവില്വാമല ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ കെ. ഗോപിനാഥനിൽ നിന്നും 5,245/- രൂപയും പട്ടിക്കാട് ഫോറസ്റ്റ് റേഞ്ച് ഓഫീസർ ശ്രീ രാജു മൈക്കിളിൽ നിന്നും 4,841/- രൂപയും പിഴ ഈടാക്കുവാൻ ബന്ധപ്പെട്ട നിയന്ത്രണാധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 5 | **പാലക്കാട്**<br>മാനദണ്ഡങ്ങൾ പാലിക്കാതെ കരാർ വാഹനം ഉപയോഗിച്ച പാലക്കാട് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ആയിരുന്ന ശ്രീ പി. ഉണ്ണികൃഷ്ണനെതിരെ വകുപ്പ് തലത്തിൽ കർശനമായ താക്കീത് നൽകുന്നതിനുള്ള ശിപാർശ ചെയ്തിട്ടുണ്ട്. ഇതിന്മേൽ നടപടി സ്വീകരിച്ചു വരുന്നു.<br><br>ശ്രീ. കെ.എസ്. അബ്ദുൾനാസർ (ഡെപ്യൂട്ടി ഡയറക്ടർ, നാഷണൽ സേവിംഗ്സ്) ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്തതിനുള്ള പിഴയായി 4,032/- രൂപ ഒടുക്കണമെന്ന് ശിപാർശ ലഭിച്ചിട്ടുണ്ട്. ഇതിന്മേൽ നടപടി സ്വീകരിച്ചു വരുന്നു.<br><br>ശ്രീ. വിജയൻ, (തഹസീൽദാർ, താലൂക്ക് ഓഫീസ്, പാലക്കാട്) സ്വകാര്യ യാത്രകൾക്കായി വിനിയോഗിച്ച 3403 ലിറ്റർ ഡീസലിന്റെ വിലയായ 1,70,933/- രൂപ ഒടുക്കണമെന്നും മാനദണ്ഡങ്ങൾക്കു വിരുദ്ധമായി സർക്കാർ വാഹനം ദുരുപയോഗം ചെയ്തതിന് പിഴയായി 8,231/- രൂപ ഒടുക്കണമെന്നും ശിപാർശ ചെയ്തിട്ടുണ്ട്. ഇതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 6 | **കാസറഗോഡ്**<br>സിവിൽ സപ്ലൈസ് കൺസ്യൂമർഫെഡ് റീജിണൽ മാനേജരും ബിസിനസ് മാനേജരും ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്തതായി കണ്ടെത്തി ഇതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ